## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1593** — **08.06.2018 ൽ മറുപടിയ്ക്ക്**

### കർഷക ക്ഷേമ നിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) കർഷക ക്ഷേമനിധി ബോർഡിന്റെ ഘടനയും പ്രവർത്തന രീതിയും വ്യക്തമാക്കുമോ;<br><br>സി) പ്രസ്തുത ബോർഡ് നിലവിൽ വന്നാൽ കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;<br><br>ഡി) കർഷക ക്ഷേമനിധി ബോർഡിലെ അംഗത്വം യഥാർത്ഥ കർഷകർക്ക് മാത്രം ലഭ്യമാകുന്നു എന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | എ) & ബി) & സി) & ഡി)<br>ഉണ്ട്. കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നിയമം വഴി ക്ഷേമനിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നല്കുക, പിന്നോക്കം നിൽക്കുന്ന അംഗങ്ങൾക്ക്/ അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും, അവശതാ പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കർഷകക്ഷേമ ബോർഡ് രൂപീകരണം അന്തിമഘട്ടത്തിലാണ്. കേരള കർഷക ക്ഷേമനിധി ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ കാര്യോപദേശക സമിതിയുടേയും ബഹു: സ്പീക്കറുടേയും അനുമതിയോടെ അവതരിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ